# കേരള കാർഷിക സർവ്വകലാശാല

മെയിൻ ക്യാമ്പസ്, വെള്ളാനിക്കര, തൃശ്ശൂർ

കെ.എ.യു.ജി.എ/2422/2023–ജി.എ–ജി 1 തിയ്യതി. 07.09.2023

**<u>വിജ്ഞാപനം</u>**

വിഷയം : കേരള കാർഷിക സർവ്വകലാശാല ജനറൽ കൗൺസിൽ തിരഞ്ഞെടുപ്പ് - വോട്ടെണ്ണൽ സംബന്ധിച്ച്.

സൂചന : 09.08.2023 തിയ്യതിയിലെ കെ.എ.യു.ജി.എ/736/2023–ജി.എ–ജി 1 നമ്പർ വിജ്ഞാപനം.

************

മേൽ സൂചന പ്രകാരം 16.09.2023 ന് വെള്ളാനിക്കര ആസ്ഥാന കാര്യാലയത്തിലെ കോൺഫറൻസ് ഹാളിൽ വെച്ച് നടത്തുവാൻ നിശ്ചയിച്ചിരുന്ന സ്ഥിരം തൊഴിലാളികളുടെ മണ്ഡലത്തിൽ നിന്നും ജനറൽ കൗൺസിലിലേയ്ക്കുള്ള തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ 16.09.2023 ന് രാവിലെ 10.00 മണിക്ക് വെള്ളാനിക്കര കാർഷിക കോളേജിന്റെ കോൺഫറൻസ് ഹാളിൽ (Old Headquarters building) വെച്ച് നടത്തുന്നതാണ്.

സ്ഥാനാർത്ഥികൾ, പ്രതിനിധികൾ , ഉദ്യോഗസ്ഥർ എന്നിവർ വോട്ടെണ്ണൽ കേന്ദ്രത്തിൽ മൊബൈൽ ഫോൺ അല്ലെങ്കിൽ മറ്റു തരത്തിലുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിക്കുന്നത് നിരോധിച്ചിട്ടുണ്ട്.

കൗണ്ടിംഗിനായി 'ഓവർഹെഡ് പ്രൊജക്ടറുകൾ' ഉപയോഗിക്കുന്നതാണ്. ബാലറ്റ് പേപ്പറിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ വോട്ടെണ്ണൽ കേന്ദ്രത്തിലെ സ്ക്രീനിൽ കാണാവുന്നതാണ്. വോട്ടെണ്ണലിന്റെ സ്വകാര്യത നിലനിർത്തുന്നതിനു വേണ്ടി വോട്ടറുടെ ക്രമ നമ്പർ കാണാത്ത രീതിയിലായിരിക്കും ബാലറ്റ് പേപ്പർ സ്ക്രീനിൽ പ്രദർശിപ്പിക്കുന്നത്.

ബാലറ്റ് ബോക്സുകൾ തുറന്ന ഓരോ പോളിംഗ് സ്റ്റേഷനിലേയും ആകെ വോട്ട് തിട്ടപ്പെടുത്തി, ബാലറ്റ് പേപ്പറുകൾ ഇടകലർത്തി വോട്ടുകൾ എണ്ണി തിട്ടപ്പെടുത്തുന്നതാണ്.

വോട്ടെണ്ണൽ നടക്കുമ്പോൾ സ്ഥാനാർത്ഥിക്കും, തിരഞ്ഞെടുപ്പ് ഏജന്റിനും മാത്രമേ ഹാളിൽ പ്രവേശന അനുമതി ഉണ്ടായിരിക്കുകയുള്ളൂ.

താഴെപ്പറയുന്ന ഏതെങ്കിലും കാരണത്താൽ ബാലറ്റ് പേപ്പർ അസാധുവാകുന്നതാണ് .

1 1, 2 എന്നിങ്ങനെയുള്ള അക്കങ്ങളല്ലാതെ ഗുണനചിഹ്നമോ മറ്റേതെങ്കിലും അടയാളമോ രേഖപ്പെടുത്തിയ ബാലറ്റുകൾ. (റോമൻ അക്കങ്ങൾ ഉപയോഗിക്കുന്നത് വോട്ട് അസാധുവാകുന്നതിന് കാരണമാകുന്നതല്ല.)

2 One, two , ഒന്ന്, രണ്ട് എന്നിങ്ങനെ അക്കങ്ങൾ അക്ഷരത്തിൽ എഴുതുന്നത്.

3 ബാലറ്റ് പേപ്പറിൽ റിട്ടേണിംഗ് ആഫീസറുടെ ഒപ്പോ മുദ്രയോ ഇല്ലാത്തപക്ഷം.

4 വോട്ടു രേഖപ്പെടുത്തിയ ആൾ ആരാണെന്ന് വ്യക്തമാകത്തക്കവിധം വോട്ടർ ബാലറ്റ് പേപ്പറിൽ ഒപ്പു വെയ്ക്കുകയോ പേരെഴുതുകയോ മറ്റേതെങ്കിലും അടയാളം ഇടുകയോ ചെയ്തിട്ടുണ്ടെങ്കിൽ.

5 ഏതെങ്കിലും സ്ഥാനാർത്ഥിയ്ക്കുവേണ്ടി 1 എന്ന അക്കം രേഖപ്പെടുത്തിയിട്ടില്ലാത്ത പക്ഷം.

6 രണ്ടു സ്ഥാനാർത്ഥികളുടേയും പേരിനു നേരെ 1 എന്ന അക്കം എഴുതിയിട്ടുണ്ടെങ്കിൽ.

7 ഒരു സ്ഥാനാർത്ഥിയുടെ പേരിനു നേരെ 1 എന്ന അക്കത്തിനു പുറമേ മറ്റേതെങ്കിലും അക്കമോ അടയാളമോ കൂടി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ.

8 വോട്ട് രേഖപ്പെടുത്തിയിരിയ്ക്കുന്നത് അവ്യക്തമോ സംശയമോ ആയിരുന്നാൽ.

9 1 രേഖപ്പെടുത്താത്ത ബാലറ്റുകളിൽ 2, 3, 4 എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ.

10 1 രേഖപ്പെടുത്തിയതിനുശേഷം 2 രേഖപ്പെടുത്താതെ 3, 4 എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ 1 മാത്രമേ പരിഗണിക്കുകയുള്ളൂ.

11 സ്റ്റാറ്റ്യൂട്ടിലുള്ള മറ്റേതെങ്കിലും നിയമം ലംഘിച്ചിട്ടുള്ളതായി കാണുന്ന പക്ഷം

സമ്മതിദായകരുടെ അറിവിലേയ്ക്കായി വോട്ടെണ്ണലുമായി ബന്ധപ്പെട്ട മേൽ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർ & ജോയിന്റ് രജിസ്ട്രാർ (ഭരണം)**

**സ്വീകർത്താവ്**

1. സ്ഥാനാർത്ഥികൾ ( ജനറൽ കൗൺസിൽ തിരഞ്ഞെടുപ്പ് - സ്ഥിരം തൊഴിലാളികളുടെ മണ്ഡലം)
2. ഡയറക്ടർ , ഡി.ഐ.എസ് (വിജ്ഞാപനം സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
3. announce@kau.in

പകർപ്പ് : വി.സിയുടെ സെക്രട്ടറി / വി.സിയുടെ പി.എ/ രജിസ്ട്രാറുടെ പി.എ/ ജോയിന്റ് രജിസ്ട്രാർ ( ഭരണം ), ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം), അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണം I)/ അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണംII)/അസിസ്റ്റന്റ് രജിസ്ട്രാർ (ജി.സി/ഇ.സി/ലീഗൽ &ആർ.ടി.ഐ) /സെക്ഷൻ ഓഫീസർ (ജി.എ-ജി) /കരുതൽ ശേഖരം / മിച്ചം.